(ബി) പ്രസ്തുത അഭിഭാഷകന്റെ ഫീസ് നിശ്ചിത സമയത്ത് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേരള സർക്കാരിൽ നിന്നും പ്രസ്തുത അഭിഭാഷകന്റെ പേരിൽ നൽകിയതായി പറയുന്ന തുകയ്ക്കുള്ള ഡി.ഡി.കൾ അദ്ദേഹത്തിന്റെ കൈവശമെത്തിച്ചേർന്നിട്ടില്ലെന്ന വിവാദം സർക്കാർ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ഇ) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ മേൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. എഫ്.എസ്. നരിമാൻ, സീനിയർ അഡ്വ. ശ്രീ. സുഭാഷ് ശർമ്മ, ശ്രീ. ഇ.എം.എസ്.ആനം അഡ്വക്കേറ്റ്സ് എന്നിവരെ ചുമതലപ്പെടുത്തിയിരിക്കുന്നു.

(ബി)&(സി) 10.10.95 ലെ ജി.ഒ (ആർ.ടി)95/നിയമപ്രകാരം അഡ്വക്കേറ്റ് ഫീസിനത്തിൽ ശ്രീ. എഫ്.എസ്. നരിമാന് 2,25,000 രൂപയും, അഡ്വ. ശ്രീ. സുഭാഷ് ശർമ്മയ്ക്ക് 30,000 രൂപയും അഡ്വ.ശ്രീ.ഇ.എം.എസ് ആനത്തിന് 40,000 രൂപയും നൽകുന്നതിനുവേണ്ടി 2,95,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് (നംപർ. 985284 തീയതി-12.10.95) ശ്രീ.ഇ.എം.എസ്.ആനം, അഡ്വക്കേറ്റ് ലാ ചേംബേഴ്സ്, സുപ്രിം കോടതി. ന്യൂഡൽഹി-110001 എന്ന വിലാസത്തിൽ 12.10.95-ൽ രജിസ്റ്റേർഡ് പോസ്റ്റായി അയച്ചിരുന്നു.

3.2.96 ലെ ജി.ഒ.(ആർ.ടി) 166/96/നിയമം പ്രകാരം അഡ്വ. ശ്രീ. എഫ്.എസ്. നരിമാന് 77,000 രൂപയും, അഡ്വ. ശ്രീ.സുഭാഷ് ശർമ്മക്ക് 7,500രൂപയും നൽകുന്നതിന് വേണ്ടി 77,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നംപർ 985762 തീയതി 27.2.96) 7500 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നംപർ 985761 തീയതി 27.2.1996) അഡ്വ. ശ്രീ.എഫ്.എസ്. നരിമാന്റെ പേരിൽ 29.2.96 ൽ അയച്ചിരുന്നു.

19.4.96 ലെ ജി.ഒ.(ആർ.ടി) 449/96/നിയമം പ്രകാരം അഡ്വ. ശ്രീ. എഫ്. എസ്. നരിമാന് 1,76,000 രൂപയും, അഡ്വ. ശ്രീ. സുഭാഷ് ശർമ്മയ്ക്ക് 30,000 രൂപയും നൽകുന്നതിനുവേണ്ടി 1,76,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നംപർ 660303 തീയതി-19.4.96) 30,000 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റും (നമ്പർ 66304 തീയതി-19-4-96) അഡ്വക്കേറ്റ് ജനറൽ ആഫിസിലെ സെക്ഷനാഫീസറായ ശ്രീ. ഡി.എ. രമാകാന്തൻ 19.4.96 ൽ കൈപ്പറ്റിയിട്ടുണ്ട്.

(ഡി) പത്രറിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അഭിഭാഷകനിൽ നിന്നും പരാതി ലഭിച്ചിട്ടില്ല.

(ഇ)& (എഫ്) അന്വേഷണം നടത്തി റിപ്പോർട്ടു നൽകുവാൻ നിയമ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

121 (121) തസ്തികമാറ്റം വഴിയുള്ള ലീഗൽ അസിസ്റ്റന്റ് നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1995-ൽ പ്രസിദ്ധീകൃതമായ തസ്തികമാറ്റം വഴിയുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ലിസ്റ്റിലെ സെക്രട്ടേറിയറ്റ് കാറ്റഗറിയിലെ 4,5,11 എന്നീ റാങ്കുകാർ എന്നാണ് ജോയിനിംഗ് റിപ്പോർട്ട് നൽകിയത്;

(ബി) പ്രസ്തുത റാങ്കുകാരെ എന്നുനിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്കു ലിസ്റ്റിലെ കാറ്റഗറി നാലിൽപ്പെട്ട 7-ാം റാങ്കുകാരൻ എന്നാണ് ജോയിനിംഗ് റിപ്പോർട്ട് നൽകിയത്; പ്രസ്തുത റാങ്കുകാരനെ എന്നു നിയമിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) കാറ്റഗറി നാലിലെ 7-ാം റാങ്കുകാരൻ ഉദ്യോഗത്തിൽ പ്രവേശിച്ചില്ലെങ്കിൽ പ്രസ്തുത ഒഴിവിൽ ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തസ്തികമാറ്റം വഴിയുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ലിസ്റ്റിലെ സെക്രട്ടേറിയറ്റ് കാറ്റഗറിയിലെ 4,5 എന്നീ റാങ്കുകാരെ നിയമിച്ചിട്ടില്ല. 11-ാം റാങ്കുകാരിയെ നിയമിച്ചുവെങ്കിലും ടിയാൾ ജോലിക്ക് ഹാജരാകുകയുണ്ടായില്ല.

(ബി)& (സി) 4,5, റാങ്കുകാരെ നിയമിച്ചിട്ടില്ല. 11-ാം റാങ്കുകാരിയെ ജി.ഒ. (എം.എസ്) നം.408/97/നിയമം ഉത്തരവിൻപ്രകാരം 1.10.1997-ൽ നിയമിച്ചുവെങ്കിലും ജോലിക്ക് ഹാജരാകുകയുണ്ടായില്ല. കാറ്റഗറി നാലിൽപ്പെട്ട 7-ാം റാങ്കുകാരനെ നിയമിച്ചുവെങ്കിലും ജേലിക്ക് ഹാജരാകുകയുണ്ടായില്ല. ടിയാനെ 1.10.1997-ൽ നിയമിച്ചു.

(ഡി) കാറ്റഗറി നാലിൽപ്പെട്ട 7-ാം റാങ്കുകാരനെയും 8-ാം റാങ്കുകാരിയായ ശ്രീമതി കെ.ആർ. പത്മകുമാരിയെയും ഒരേ ഉത്തരവ് പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. അതിനുശേഷം അതേ കാറ്റഗറിയിൽപ്പെട്ട 9-ാം റാങ്കുകാരനെ നിയമിച്ചിട്ടുണ്ട്.

122 (122) ആരോഗ്യ വ്യവസ്ഥാപദ്ധതി

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ കേന്ദ്രഗവൺമെന്റ് ആരോഗ്യ വ്യവസ്ഥാ പദ്ധതി നടപ്പിലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഈ സംസ്ഥാനത്തെ ഉൾപ്പെടുത്താമെന്ന് കേന്ദ്രം അറിയിച്ചിരുന്നോ;

(സി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണ മേഖലയ്ക്ക് ഉണ്ടാവുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതുസംബന്ധിച്ച് സംസ്ഥാനസർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly